LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഹരിയാലി പദ്ധതിയിൽ 11 ജില്ലകളിലായി 26 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളെല്ലാം തന്നെ പുരോഗമിച്ചു വരുന്നു. ഇതിൽ 26 പദ്ധതികൾക്കും ഒന്നാം ഗഡു ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു 24 പ്രോജക്റ്റുകൾക്കു ലഭിച്ചിട്ടുണ്ട്. 2 പ്രോജക്റ്റുകൾക്ക് മൂന്നാം ഗഡുവും ലഭിച്ചിട്ടുണ്ട്. കൂടാതെ 4 പ്രോജക്റ്റുകളുടെ മൂന്നാം ഗഡുവിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുമുണ്ട്. രണ്ടാം ഗഡു ലഭ്യമായ പ്രോജക്റ്റുകൾ മിഡ്-ടേം ഇവാലുവേഷൻ പൂർത്തിയാക്കുന്ന മുറയ്ക്കാണ് മൂന്നാം ഗഡുവിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത്. മിഡ്-ടേം ഇവാലുവേഷൻ നടത്തുമ്പോൾ പ്രോജക്റ്റുകളുടെ നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ വിലയിരുത്താറുണ്ട്.

(ബി) രണ്ടാം ഗഡു കേന്ദ്രസഹായം 24 പ്രോജക്റ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്ന് ഇതേ വരെ ലഭിച്ചിട്ടുള്ളത് ആകെ 3,164.95 ലക്ഷം രൂപയാണ്.

(സി) പദ്ധതികളുടെ പേര് സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതികളിൽ മേവികുളം, ചേലന്നൂർ ബ്ലോക്കുകൾക്ക് മാത്രമാണ് രണ്ടാം ഗഡു ലഭിക്കാനുള്ളത്. ചേലന്നൂർ ബ്ലോക്കിന്റെ രണ്ടാം ഗഡു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മേവികുളം ബ്ലോക്കിന് അനുവദിച്ച പദ്ധതി കാലാവധി കഴിഞ്ഞതിനാൽ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്ത് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തരിശുഭൂമിയുടെ പ്രോജക്റ്റ് തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

160(472) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ് ഭവന പദ്ധതിയിൽ രണ്ട് വർഷത്തിനുള്ളിൽ എത്ര കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ടിരുന്നതിന്റെ പകുതി വീടുകൾ പോലും ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കെട്ടിട നിർമ്മാണചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ സർക്കാർ നൽകുന്ന 75000 മുതൽ ഒന്നേകാൽ ലക്ഷം വരെയുള്ള തുകകൊണ്ട് വീടുനിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) തദ്ദേശ സ്ഥാപനം പദ്ധതിക്കായി നീക്കിവയ്ക്കുന്ന തുകയുടെ പത്തിരട്ടിവരെ ബാങ്കുകളിൽനിന്ന് വായ്പ എടുക്കാമെന്ന സർക്കാർ തീരുമാനം പല പഞ്ചായത്തുക്കളെയും കടക്കെണിയിൽ വീഴ്ത്തിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര സർക്കുലറുകൾ പുറപ്പെടുവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) ഭേദഗതികൾ വരുത്തി നിരന്തരം പുറത്തിറക്കിയ സർക്കുലറുകൾ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻമാരെയും ഗുണഭോക്താക്കളെയും ഒരു പോലെ ബുദ്ധിമുട്ടിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എച്ച്) ഗുണഭോക്താക്കളിൽ പലരും ഈ കാരണത്താൽ പദ്ധതിയിൽ നിന്ന് പിൻമാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2007 മുതൽ ന-ാം പദ്ധതിക്കാലത്ത് 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടത്.

(ബി) 3.5 ലക്ഷം വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) ബാധകമല്ല.

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്കായി സർക്കാർ നൽകുന്ന 75,000 മുതൽ ഒന്നേകാൽ ലക്ഷം രൂപ കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുയില്ല. എന്നാൽ ഗുണഭോക്താവിന്റെ പങ്കാളിത്തം കൂടി ഉറപ്പാക്കി പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) 2009-10-ലെ വികസനഫണ്ടിന്റെ 15%-ന്റെ പത്തിരട്ടിവരെയാണ് വായ്പ എടുക്കാൻ അനുവദിച്ചിട്ടുള്ളത്. വായ്പാ തിരിച്ചടവ് പദ്ധതി വിഹിതത്തിൽ നിന്ന് ആയതുകൊണ്ടും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ നിർവഹിക്കുന്നതുകൊണ്ടും ഒരു പഞ്ചായത്തും കടക്കെണിയിൽ വീഴുകയില്ല.

(എഫ്) ഇ.എം.എസ്. ഭവന പദ്ധതിക്കുള്ള പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശം അടങ്ങിയ 7-11-2009-ലെ സ.ഉ (എം.എസ്.) 207/09/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ഇതുമായി ബന്ധപ്പെട്ട് ഒൻപത് സർക്കുലറുകൾ കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി&എച്ച്) ശ്രദ്ധയിൽപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly